മെന്നും പദ്ധതിക്ക് വൻതോതിലുള്ള നവീകരണമോ മെച്ചപ്പെടുത്തലോ ആവശ്യമുണ്ടെങ്കിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്ക് ആയി പ്രസ്തുത ജോലി വാട്ടർ അതോറിറ്റി നിർവ്വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെയും നഗരങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികളുടെയും നടത്തിപ്പിനായി വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2003 ഡിസംബർ വരെ 135 കോടി രൂപയും അറ്റകുറ്റപ്പണികൾക്കും മറ്റു ചെലവുകൾക്കുമായി ഏകദേശം 15 കോടി രൂപയും ഉൾപ്പെടെ 150 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. കൂടാതെ എൽ.ഐ.സി-ക്ക് 2003 ഡിസംബർ 31-ാം തീയതി അടയ്ക്കേണ്ടിയിരുന്ന 23.20 കോടി രൂപ നൽകിയിട്ടില്ല. ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത തുകയിൽ ഡിസംബർ 31-ാം തീയതിയിൽ 283.45 കോടി രൂപ ലോണിനത്തിൽ കൊടുത്തുതീർക്കാനുണ്ട്. സംസ്ഥാന ഗവൺമെന്റിൽ നിന്നും ലോണെടുത്ത വകയിൽ 31-3-2003-ൽ ലോണിനത്തിൽ 568 കോടി രൂപയും പലിശയിനത്തിൽ 651 കോടി രൂപയും ബാദ്ധ്യതയായിട്ടുണ്ട്.

(ഇ) പദ്ധതികൾ ഏറ്റെടുക്കുന്നതിനും തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമെങ്കിൽ സാങ്കേതിക ഉപദേശം വാട്ടർ അതോറിറ്റി നല്കുന്നതാണ്. കൂടാതെ അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു എൻജിനീയറിംഗ് വിംഗ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ്) പ്രസ്തുത നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പലവട്ടം വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ സംഘടനകളുമായി ചർച്ച ചെയ്യുന്നതാണ്.

ജലവിനോദം പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ

*14 [44] ശ്രീ. ബിനോയ് വിശ്വം :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവിനോദങ്ങൾ പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള ജലവിനോദങ്ങളാണ് പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ജലവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന കായൽപ്പരപ്പുകളിൽ വർണ്ണശബളമായ ജലോത്സവങ്ങൾ എല്ലാക്കൊല്ലവും സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രധാനപ്പെട്ട വള്ളംകളികൾക്ക് ടൂറിസം വകുപ്പ് ധനസഹായം കൊടുത്തു വരുന്നുണ്ട്. ജലോത്സവങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി വാട്ടർ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഈ രംഗത്ത് നടത്തേണ്ടുന്ന പ്രവർത്തനങ്ങളെപ്പറ്റി വിശദമായ പഠന റിപ്പോർട്ട് നല്കാൻ കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ വേളി-ആക്കുളം, കാപ്പിൽ, അഷ്ടമുടി, വേമ്പനാട്, ആലപ്പുഴ, കുമരകം, കൊച്ചി തുടങ്ങിയ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിവരുന്നു. മലബാർ മേഖലയിലേക്ക് കായൽ ടൂറിസം വ്യാപിപ്പിക്കുന്നതിനായി ഒരു വിശദമായ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുമുണ്ട്.

(സി) വള്ളംകളികൾ, ഹൗസ്ബോട്ടുകൾ, വാട്ടർ സ്പോർട്സ്, ബോട്ടിംഗ് ജലക്രീഡ ബോട്ടുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ജലസംരക്ഷണ നടപടി

*15 [45] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എൻ. രാജൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളം മറ്റു സംസ്ഥാനങ്ങളുമായി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഏതൊക്കെ കരാറുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കരാറുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ താല്പര്യം കൂടി കണക്കിലെടുത്ത് അവ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly